# India-Australia-Japan-United States Senior Officials Consultations

September 25, 2020

---

## ഇന്ത്യ-ഓസ്‌ട്രേലിയ -ജപ്പാൻ -അമേരിക്ക എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ സമ്മേളനം

സെപ്റ്റംബർ 25, 2020

ഇന്ത്യയുടെ വിദേശകാര്യമന്ത്രാലയം, ആസ്‌ട്രേലിയയുടെ വിദേശകാര്യ & വ്യവസായ വകുപ്പ്, ജപ്പാൻ വിദേശകാര്യ മന്ത്രാലയം അമെരിക്ക ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റെയ്റ്റ് എന്നിവിടങ്ങളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ പരസ്പര താല്പര്യമുള്ള പ്രാദേശിക ആഗോള പ്രശ്നങ്ങലിലുള്ള പര്യാലോചനയ്ക്കായി 2020 സെപ്റ്റംബർ 25 ന് വീഡിയോ കോൺഫറൻസ് നടത്തി.

2019 നവംബറിൽ നടന്ന കഴിഞ്ഞ തവണത്തെ ഇത്തരത്തിലുള്ള  ഔദ്യോഗിക ചർച്ചകളും, 2019 സെപ്റ്റംബറിലെ മന്ത്രിതല ഇടപെടലുകളും പിന്തുടർന്നുകൊണ്ട്, സമാധാനവും സുരക്സ്തയും സ്ഥിരതയും ഇൻഡോ പസഫിക് പ്രവിശ്യയിലെ സമൃദ്ധിയും ലക്ഷ്യമിട്ടുകൊണ്ട് , ആശയവിനിമയം നിര്‌മ്മാണ പ്രക്രിയകൾ, തീവ്രവാദ പ്രതിരോധവും, സൈബർ, നാവിക പ്രശ്നങ്ങൾ ഉൾപ്പടെയുള്ള സുരക്ഷാ പ്രശ്നങ്ങൾ എന്നിവയിലെല്ലാം തന്നെ തുടർന്ന് കൊണ്ടിരിക്കുന്നതും പ്രതീക്ഷിക്കുന്നതുമായ പ്രായോഗിക സഹകരണത്തിനായുള്ള കാഴ്ചപ്പാടുകൾ ഉദ്യോഗസ്ഥർ ചർച്ച ചെയ്തു.

തുടർന്ന് കൊണ്ടിരിക്കുന്ന കോവിഡ് -19 ആഗോള പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ വിതരണ ശൃംഖലകൾ പുനഃസ്ഥാപിക്കുന്നതിനും പകർച്ചവ്യാധിയ്ക്കെതിരെ പ്രതികരിക്കാനുള്ള മികച്ച നടപടികൾ പങ്കുവയ്ക്കുന്നതിനുമുള്ള പ്രാധാന്യം ഉദ്യോഗസ്ഥർ അടിവരയിട്ടു പറഞ്ഞു.

പങ്കുവയ്ക്കപ്പെടുന്ന മൂല്യങ്ങൾ തത്വങ്ങൾ കൂടാതെ അന്തരാഷ്ട്ര നിയമത്തോടുള്ള വിധേയത്വവും എന്നിവയെല്ലാം അടിസ്ഥാനമാക്കി സ്വതന്ത്രവും,സുതാര്യവും, സമൃദ്ധവും കൂടാതെ സമഗ്രവുമായ ഇന്ത്യ പസഫിക് പ്രവിശ്യയോടുള്ള പ്രതിബദ്ധത ഉദ്യോഗസ്ഥർ ആവർത്തിച്ചു പറഞ്ഞു.

ASEAN കേന്ദ്രീകൃത മനോഭാവം, ഇന്ത്യ പസഫിക് പ്രാദേശിക ഘടനയിൽ നേതാക്കളുടെ കീഴിലുള്ള കിഴക്കൻ ഏഷ്യ ഉച്ചകോടി എന്നിവ പോലുള്ള ASEAN  നേതൃത്വത്തിലുള്ള സംവിധാനങ്ങൾ എന്നിവയ്ക്കുള്ള ഉറച്ച പിന്തുണയും ഇൻഡോ പസഫിക്കിന്റെ പൊതുവായ ദർശനം പ്രവർത്തികമാക്കുന്നതിനു ASEAN, മറ്റു രാജ്യങ്ങൾ എന്നിവയുമായി പ്രവർത്തിക്കുന്നതിനുള്ള അവരുടെ സന്നദ്ധതയും ഉദ്യോഗസ്ഥർ ആവർത്തിച്ചു.

വിയറ്റ്നാമിന്റെ ASEAN അധ്യക്ഷതയെ അവർ അഭിനന്ദിക്കുകയും ഈ വർഷം നവംബറിൽ നടത്താനിരിക്കുന്ന 15 മത് കിഴക്കൻ ഏഷ്യ ഉച്ചകോടിയ്ക്കായുള്ള പ്രതീക്ഷ രേഖപ്പെടുത്തുകയും ചെയ്തു. ഈ വർഷം അവസാനത്തിൽ മന്ത്രിതല പര്യാലോചനകൾ ഉണ്ടാകുമെന്നും ഉദ്യോഗസ്ഥർ കരുതുന്നു

**ന്യൂ ഡൽഹി**
**25 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.